**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 175** — **28.11.2018 ൽ മറുപടിക്ക്**

## കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ എന്ന പേരിൽ പോലീസ് സ്റ്റേഷൻ നിലവിലില്ല. എന്നാൽ സ.ഉ. (കൈ) നം. 126/2014/ ആഭ്യന്തരം തീയതി. 21.06.2014 ഉത്തരവ് പ്രകാരം അനുവദിച്ച ഗുരുവായൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് കണ്ടാണശ്ശേരി എന്ന സ്ഥലത്തുള്ള വാടകകെട്ടിടത്തിലാണ്. |
| ബി) പ്രസ്തുത കെട്ടിടം ഇക്കഴിഞ്ഞ പ്രളയത്തിൽ മുങ്ങി പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) പ്രസ്തുത കെട്ടിടം പ്രളയത്തിൽ വെള്ളം കയറിയിരുന്നെങ്കിലും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. |
| സി) പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br>ഡി) കണ്ടാണശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) യും ഡി) യും കുന്ദംകുളം താലൂക്കിൽ കണ്ടാണശ്ശേരി പഞ്ചായത്ത്, ആളൂർ വില്ലേജിൽ കുനംമൂച്ചി-മറ്റം പബ്ലിക് റോഡിൽ, കുനംമൂച്ചിയിൽ നിന്നും തെക്കുമാറി സർവ്വേ നം. 240/1-ൽ ഉൾപ്പെട്ട മറ്റം ഗ്രൗണ്ടും ആയതിന് സമീപത്തുള്ള 2 ഏക്കർ 20 സെന്റ് സ്ഥലവും റവന്യൂ പുറമ്പോക്ക് ഭൂമിയാണെന്ന് അറിവായിട്ടുള്ളതും, ആയതിന്റെ സാക്ഷ്യപ്പെടുത്തിയ സ്കെച്ച് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം ടി സ്ഥലം പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കാണിച്ച് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ